കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചെറുന്നിയൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം

e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ/റ്റി.വി.എം/ജി.പി.7/2036/2017 സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം, തീയതി 20.10.2017

Phone No: 0471-2331231

Email: lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ

പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി

ഡയറക്ടർ

പകർപ്പ് :
1) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്

4) സ്പെയർ

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.7/2036/17 തീയതി 20.10.2017

## തിരുവനന്തപുരം ജില്ലയിലെ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12.11.2016 മുതൽ 31.03.2017വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30എൻക്വയറികൾ നൽകിയതിൽ എല്ലാത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ചതിനു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട | ശ്രീ. ജമാലുദ്ദീൻ. എ.ഡെപ്യൂട്ടി ഡയറക്ടർ |

| | | |
|---|---|---|
| ഉദ്യോഗസ്ഥൻ | | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.09.2017 മുതൽ 19.09.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. സനിൽ. എസ്. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ശ്യാമപ്രിയ.എസ്. എസ്.<br>ശ്രീ. വിനോദ്. എസ്.<br>ശ്രീ. ശരത് ജെ .ശങ്കർ | സീനിയർ ഗ്രേഡ് ഓഡിറ്റർ<br>സീനിയർഗ്രേഡ് ഓഡിറ്റർ<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. എൻ. നവപ്രകാശ് | 01.04.16 മുതൽ 31.03.17 വരെ |
| സെക്രട്ടറി | ശ്രീമതി. ജയശ്രീ. എസ്.<br>ശ്രീ.യു.ശ്യാം കുമാർ | 01.04.2016മുതൽ14.07.16 വരെ<br>15.07.2016മുതൽ31.03.17 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി സെക്രട്ടറി | ശ്രീ. രഘുനാഥൻ | 01.04.16 മുതൽ 01.01.17വരെ |
| | ശ്രീമതി.സീമ.എസ്സ്. | 01.01.17 മുതൽ 31.03.17വരെ |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ മണിവർണൺ. ജി.കെ. | 01.04.16 മുതൽ 31.03.17വരെ |
| അസി.എഞ്ചിനീയർ | ശ്രീ അഫ്സൽ . വൈ | 01.04.16 മുതൽ 31.03.17വരെ |
| വെറ്ററിനറി സർജൻ | ഡോ. വി. രമ | 01.04.16 മുതൽ 31.03.17വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്. സി. | ഡോ. ഉദയലാൽ | 01.04.16 മുതൽ 31.03.17വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ. ലക്ഷ്മി | 01.04.16 മുതൽ 31.03.17വരെ |
| എച്ച്.എം.എൽ.പി.എസ്, ചെറുന്നിയൂർ | ശ്രീമതി. അനിത. കെ. | 01.04.16 മുതൽ 3103.17വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ഇന്ദിര<br>ശ്രീമതി.അനന്തലക്ഷ്മി.എം | 01.04.16മുതൽ 08.07.16വരെ<br>09.07.16 മുതൽ 31.03.17 വരെ |
| വി.ഇ.ഒ. | ശ്രീ. പ്രവീൺ | 01.04.16 മുതൽ 20.06.16 വരെ |
| | ശ്രീ. ഷാനവാസ് | 21.06.16 മുതൽ 09.11.16 വരെ |
| എ (സർക്കിൾ) | ,, | 10.11.16 മുതൽ 31.03.17 വരെ |
| ബി (സർക്കിൾ) | ശ്രീ. ഷജീർഖാൻ. എ. | 10.11.16 മുതൽ 31.03.17 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷികധനകാര്യപത്രിക | 1-2 | |
| 3 | വാർഷികധനകാര്യപത്രികപരിശോധിച്ച് സർട്ടിഫിക്കറ്റ് | 1-3 | |
| 4 | സാമ്പത്തികവിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതിഅവലോകനം | 1-6 | |
| 7 | തനതുവരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റുഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | ഡി ആന്റ് ഓ ലൈസൻസ് പുതുക്കാൻ നടപടിയില്ല | 2-1 | |
| 13 | തൊഴിൽനികുതി/ സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല. | 2-2 | |
| 14 | വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കിയില്ല. | 2-3 | |

| | | | |
|---|---|---|---|
| | | | |
| 15 | മൊബൈൽ ടവറുകൾക്ക് വസ്തുനികുതി ഈടാക്കിയിട്ടില്ല | 2-4 | |
| 16 | കെട്ടിടങ്ങളുടെ റഗുലറൈസേഷൻ - കുറഞ്ഞ നിരക്കിൽ ഫീ ഈടാക്കുന്നു. | 2-5 | |
| | ഭാഗം 3 | | |
| 17 | പ്രോജക്ട് നിർവ്വഹണത്തിൽ വീഴ്ച - ഗ്രാമപഞ്ചായത്തിന് നഷ്ടമായത് 1.36 കോടി | 3-1 | |
| 18 | ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതെ തുക ചെലവഴിച്ചു | 3-2 | |
| 19 | അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് സാമ്പിളുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല | 3-3 | |
| 20 | അങ്കണവാടികൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ പ്രവർത്തിക്കുന്നു | 3-4 | |
| 21 | വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തുകതടസ്സപ്പെടുത്തുന്നു | 3-5 | |
| 22 | തെരുവ് വിളക്ക് ഉപകരണങ്ങൾ മുഴുവനും വിതരണം ചെയ്തിട്ടില്ല | 3-6 | |
| 23 | ഹോമിയോആശുപത്രിക്ക് മരുന്നു വാങ്ങൽ.52000/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. | 3-7 | |
| 24 | PHCമരുന്നു വാങ്ങൽ.21763/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. | 3-8 | |

| | | | |
|---|---|---|---|
| 25 | ആയുർവേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ.126386രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. | 3-9 | |
| 26 | കോഴി വളർത്തൽ ചെലവ് രേഖകൾ ഹാജരാക്കിയില്ല തുക 458525/- രൂപ തടസ്സം ചെയ്യുന്നു | 3-10 | |
| 27 | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ.സ്റ്റോക്ക് രജിസ്റ്റർ പൂർണ്ണമല്ല | 3-11 | |
| 28 | എ.ബി.സി പ്രോഗ്രാംരേഖകൾ ഹാജരാക്കിയിട്ടില്ല. 30000/- രൂപ തടസ്സം ചെയ്യുന്നു | 3-12 | |
| 29 | പൊതുജന സേവനകേന്ദ്രം ആസൂത്രണത്തിലും നിർവ്വഹണത്തിലും അപാകങ്ങൾ | 3-13 | |
| 30 | ലൈബ്രറി സെസ് കുടിശ്ശിക ഒടുക്കാൻ ബാക്കി നിൽക്കുന്നു. | 3-14 | |
| 31 | വാഹനത്തിന്റെ ഇൻഷ്വറൻസ് പുതുക്കൽ- സർക്കാർ നിർദ്ദേശം പാലിച്ചില്ല | 3-15 | |
| 32 | തൊഴിലുറപ്പ് പദ്ധതി അവലോകനം | 3-16 | |
| | ഭാഗം 4 | | |
| 33 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 34 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ | 4-2 | |

| | | | |
|---|---|---|---|
| | തുകയുടെ വിവരങ്ങൾ | | |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 36 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 38 | ഓഡിറ്റ് റിക്കവറി | 4-6 | |
| 39 | സമാഹൃതഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 | |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 05.03.2016തീയതിയിലെ I(1)ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 85303947.62/-രൂപ വരവും 83786020/- രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 37923633.77/-രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 31994732 /-രൂപയുമാണ്. (റസീപ്റ്റ് & പേമെന്റ് പത്രിക പ്രകാരം)

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 18.07.17 | ------ | ------ |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| | | |
| 2016-17 | 14.09.17 | - |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6180337.77 |
| വരവ് | 31743296.00 |
| ആകെ | 37923633.77 |
| ചെലവ് | 31994732.00 |
| നീക്കിയിരിപ്പ് | 5928901.77 |

# 1-5 ഫണ്ട് വിനിയോഗം

| ക്രമ നം. | ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | വികസനഫണ്ട് (ജനറൽ) | 714049 | 6468878 | 7182927 | 7182927 | - |
| 2 | വികസനഫണ്ട് (SCP) | - | 5261664 | 5261664 | 5261664 | - |
| 3 | 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | - | 1782632 | 1782632 | 1782632 | - |
| 4 | K.L.G.S.D.P ഗ്രാന്റ് | - | - | - | - | - |
| 5 | സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | - | 2042305 | 2042305 | 2042305 | - |
| 6 | സംരക്ഷണ ഗ്രാന്റ് (റോഡ്) | - | 1139952 | 1139952 | 1139952 | - |
| 7 | എം.ജി.എൻ.ആർ.ഇ. ജി.എസ്. | 1603 | 963336 | 964939 | 860246 | 104693 |
| 8 | ട്രഷറി റ്റി.എസ്സ്.ബി. അക്കൗണ്ട്. | 1518610 | 6844050 | 8362660 | 6452680 | 1909980 |
| 9 | ബി ഫണ്ട് | - | 316200 | 316200 | 316200 | 316200 |
| 10 | S.B.T-തനതുഫണ്ട് | 3892074 | 6892970 | 10785044 | 6924498 | 3860546 |
| 11 | D.C.B -തനതുഫണ്ട് | 380.77 | - | 380.77 | - | 380.77 |
| 12 | സാക്ഷരത | 8898 | 478 | 9376 | - | 9376 |

| | | | | | | |
|---|---|---|---|---|---|---|
| 13 | റിലീഫ് ഫണ്ട് | 13095 | 524 | 13619 | - | 13619 |
| 14 | കൈയ്യിരിപ്പ് | 31628 | 30307 | 61935 | 31628 | 30307 |

1. General ledger trial balance പ്രകാരമുള്ള 2015-16 സാമ്പത്തിക വർഷത്തെ നീക്കിയിരുപ്പ് 221059856.77/- രൂപയാണ്. 2016-17 ലെ -ഈ ഇനത്തിലെ മുന്നിരിപ്പ് 24077376.77/- രൂപയാണ്.
2. RP-29 Schedule പ്രകാരം distress relief ഫണ്ടിൽ തൻവർഷം 1024/- രൂപയുടെ വരവുണ്ട്.എന്നാൽ പാസ്ബുക്കിൽ 524/-രൂപയുടെ വരവ് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
3. ബാലൻസ് ഷീറ്റ് Schedule B-2 പ്രകാരം distress relief ഫണ്ടിൽ 14119/-രൂപയുടെ നീക്കിയിരുപ്പുണ്ട് എന്നാൽ RP-40(b) Schedule പ്രകാരമുള്ള നീക്കിയിരുപ്പ് 13619/- രൂപയാണ്.
4. സേവന സ്റ്റേറ്റ്മെന്റ് പ്രകാരം വികലാംഗ പെൻഷനിനത്തിൽ D.B.T. വഴി 2434980/-രൂപ വിതരണം ചെയ്തിട്ടുണ്ട്.പ്രസ്തുത തുക I-14(C),I-6 Schedule -ൽ ഉൾപ്പെടുത്തിയിട്ടില്ല.
5. 2015-16 വാർഷികധനകാര്യ പത്രിക B-15 Schedule പ്രകാരം property tax on non residential building (431100104) എന്ന ഹെഡിൽ കുടിശ്ശിക ഈടാക്കാനില്ലായിരുന്നു. എന്നാൽ 2016-17 വാർഷികധനകാര്യ പത്രിക R.P-43Schedule പ്രകാരം ഈ ഇനത്തിൽ കുടിശ്ശികയായി 381106/- രൂപ ഈടാക്കിയിട്ടുണ്ട്.
6. 2015-16 വാർഷികധനകാര്യ പത്രിക B-15 Schedule പ്രകാരം തൊഴിൽ നികുതിയിനത്തിലെ കുടിശ്ശികയായി പിരിച്ചെടുക്കാനുണ്ടായിരുന്ന തുക 21440/- രൂപയാണ്. എന്നാൽ 2016-17 വാർഷികധനകാര്യ പത്രിക R.P-43Schedule പ്രകാരം ഈ ഇനത്തിൽ കുടിശ്ശികയായി 22030/- രൂപ ഈടാക്കിയിട്ടുണ്ട്.
7. സ്ഥാപനത്തിലെ രജിസ്റ്റർ പ്രകാരമുള്ള S.B.T തനത് ഫണ്ട് വരവ് 6275600/- രൂപയാണ്. വാർഷികധനകാര്യ പത്രിക പ്രകാരമുള്ള വരവ് 6892970/- രൂപയാണ്.
8. പെർമ്മിറ്റ് രജിസ്റ്ററിൽ ഡി.സി.ബി.സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.
9. ആസ്തി,സ്റ്റോക്ക് രജിസ്റ്ററുകൾ മൂല്യാധിഷ്ഠിതമായി പരിപാലിച്ചിട്ടില്ല.
10. പരസ്യനികുതിയിനത്തിൽ 1610/- രൂപയുടെ വരവുണ്ട്.ആയതിന്റെ രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.
11. ഓഡിറ്റ് റിക്കവറിയിനത്തിൽ 20/-രൂപയുടെ വരവുണ്ട്.ആയതിന്റെ രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.
12. V.P.F.A-II(a),II(b),III,IV,V അക്കൗണ്ടുകളുടെ ട്രഷറി സ്റ്റേറ്റ്മെന്റ്/ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.
13. വസ്തുനികുതിയിനത്തിലെ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകയും AFS-ലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 133 | 43865869 | 37 | 18557600 | 39 | 57 | 27.06 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 21 | 10 | 5150919 | 3595560 | 70 |
| അസി. എഞ്ചിനീയർ | 45 | 12 | 14154650 | 2108455 | 14.8 |
| അസി.സെക്രട്ടറി | 24 | 19 | 9507500 | 3631160 | 38 |

| | | | | | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 6 | 2674500 | 748500 | 27.9 |
| വെറ്ററിനറി സർജൻ | 4 | 4 | 2402000 | 1038525 | 43 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 5 | 5 | 1245203 | 1168220 | 94 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 3 | 700000 | 700000 | 100 |
| വി.ഇ.ഒ. | 10 | 8 | 3748400 | 2841900 | 76 |
| ഹെഡ് മാസ്റ്റർ, ഗവ.എൽ.പി.എസ് | 5 | 4 | 1020000 | 868550 | 57 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 8 | 4 | 3076626 | 1756660 | 57 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 186071 | 100070 | 54 |

വരും വർഷങ്ങളിൽ പദ്ധതി നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കേണ്ടതിന് വേണ്ടുന്ന നടപടി സ്വീകരിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | | | |
| വിനോദനികുതി | - | - | - |
| തൊഴിൽനികുതി | 1249640 | 1068983 | (-)180657 |
| കെട്ടിടനികുതി | 1108494 | 1953111 | 844617 |
| പരസ്യനികുതി | 0 | 1610 | 1610 |
| നികുതിയേതര വരവുകൾ | | | |
| ലേലം | 27000 | 45000 | 18000 |
| ഷോപ്പിംഗ്കോംപ്ലക്സ് | 68316 | 81960 | 13644 |
| ഡി&ഒ | 15700 | 56350 | 40650 |
| മറ്റുവരവുകൾ | 467439 | 701835 | 234396 |
| ആകെ | 2936589 | 3908849 | 972260 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 316200 | 182 |
| കർഷകതൊഴിലാളി പെൻഷൻ | 926790 | 103 |
| വിധവാ പെൻഷൻ | 8914890 | 902 |
| വാർദ്ധക്യകാലപെൻഷൻ | 21502465 | 1795 |
| വികലാംഗ പെൻഷൻ | 2434980 | 243 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 120000 | 4 |
| 50 വയസ്സിനുമേൽഅവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 284460 | 29 |
| ആകെ | 34499785 | 3258 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.09.2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 12220/-രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

വെറ്ററിനറി സർജൻ, വി.ഇ.ഒ എന്നിവർ ഫയലുകൾ സൂക്ഷിക്കുന്നതിൽ അവധാനത പുലർത്തിയിട്ടില്ല. വി.ഇ.ഒ യുടെ ക്യാഷ് ബുക്ക് അപൂർണ്ണമാണ്. കൂടാതെ ഗുണഭോക്താക്കളിൽ നിന്ന് അപേക്ഷകൾ സ്വീകരിച്ചിട്ടുമില്ല. വി.ഇ.ഒ നടപ്പാക്കിയ ഭവനപുനരുദ്ധാരണ പദ്ധതിയിൽ എന്തു തരം പുനരുദ്ധാരണ പ്രവർത്തനമാണ് നടത്തിയതെന്നു വ്യക്തമല്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.08.2017 | 02.2017 മുതൽ 03.2017 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.02.2012 മുതൽ 20.12.2012 വരെ | 2007-2008 മുതൽ 2011-12 വരെ | 17.09.2013 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി ആന്റ് ഓ ലൈസൻസ് പുതുക്കാൻ നടപടിയില്ല

1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ(റിക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നല്കലും) ചട്ടം 3പ്രകാരമുള്ള ട്രേഡേഴ്സ് രജിസ്റ്റർ ഗ്രാമപഞ്ചായത്ത് എഴുതി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിക്കുന്ന അപേക്ഷകളെ അടിസ്ഥാനമാക്കിയാണ് ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ 2015-16 വർഷം ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള

താഴെപ്പറയുന്ന സ്ഥാപനങ്ങളെ 2016-17 വർഷം ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ഡി ആന്റ് ഓ ലൈസൻസ് പുതുക്കിയിട്ടില്ല.

| ക്രമ നം | വാർഡ് നം | സ്ഥാപന ഉടമയുടെ വിവരം | വ്യാപാര സ്ഥാപനം |
|---|---|---|---|
| 1 | 1 | ദേവദാസൻ, അയന്തി | പലചരക്ക് വ്യാപാരം |
| 2 | 1 | ലിബു, കെടാവത്ത് വിള | സ്റ്റേഷനറി |
| 3 | 1 | നാസറുദ്ദീൻ, കിഴക്കതിൽ | ടെക്സ്റ്റേൽസ് |
| 4 | 1 | സത്യദേവൻ, മരക്കട | കാഷ്യൂ സ്റ്റോർ |
| 5 | I | സുനിൽ, പ്ലാവഴികം | ബേക്കറി |
| 6 | I | റോയി ചന്ദ്രൻ | കമ്പ്യൂട്ടർ സെയിൽ |
| 7 | II | ബിന്ദു , പനയറ | ഫാൻസി |
| 8 | II | അൻസി പാലച്ചിറ | സിമെൻറ് വിൽപ്പന |
| 9 | II | ഷാജഹാൻ, | സ്റ്റുഡിയോ |
| 10 | II | റീന, | മെഡിക്കൽ സ്റ്റോർ |
| 11 | II | ബൈജുമോൻ, മേൽ വെട്ടൂർ | ബേക്കറി |
| 12 | II | സതീശൻ, പാലച്ചിറ | വെൽഡിംഗ് വർക്ക് |
| 13 | III | സുരേന്ദ്രബാബു, വടശ്ശേരിക്കോണം | ബേക്കറി |

| | | | |
|---|---|---|---|
| 14 | III | സുൽഫിക്കർ , വടശ്ശേരിക്കോണം | പലചരക്ക് വ്യാപാരം |
| 15 | IV | സുരേഷ് , മുങ്ങോട് | സ്റ്റേഷനറി ഷോപ്പ് |
| 16 | V | രാജേന്ദ്രൻ വടശ്ശേരിക്കോണം | റെസ്റ്റോറന്റ് |
| 17 | V | ശ്രീകാന്ത് പാലച്ചിറ | മിൽ |
| 18 | V | ലക്കി | ഹോട്ടൽ |
| 19 | VI | അബ്ദുൽകലാം, പാലച്ചിറ | സ്റ്റോർ |
| 20 | VI | നവാസ് , | പലചരക്ക് വ്യാപാരം |
| 21 | VI | അബ്ദുൽ ലത്തീഫ് | കോസ്മെറ്റിക് സെന്റർ |
| 22 | VI | സജിത്ത്, കാറാത്തല | അച്ചാർ നിർമ്മാണം |
| 23 | VII | ലിജ , പാലച്ചിറ | കാർ സർവ്വീസ് |
| 24 | VII | സന്ദീപ് മോഹൻ , ഭ്രതക്കുളം | ലഭ്യമല്ല |
| 25 | VII | ശങ്കർ മോഹൻ, പാലച്ചിറ | സ്പെയർ പാർട്സ് |
| 26 | VII | റോയ് പ്രഭാകരൻ | സുഗന്ധവ്യഞ്ജനം |
| 27 | VII | അനുരാഗ്, ദളവാപുരം | മൊബൈൽ സ്റ്റോർ |
| 28 | VII | ബിനുചന്ദ്രൻ, പനയറ | വിൻസ്റ്റാർ പ്ലെയർ |

| | | | |
|---|---|---|---|
| 29 | VII | പ്രസന്നൻ, വടശ്ശേരിക്കോണം | ഇലക്ട്രിക് |
| 30 | VIII | ഉമേഷ് | കിച്ചൻ മെറ്റീരിയൽ |
| 31 | VIII | വസന്തകുമാരി,ചെറുന്നിയൂർ | ടെക്സ്റ്റേൽസ് |
| 32 | VIII | സോമൻ,ചെറുന്നിയൂർ | പലചരക്ക് വ്യാപാരം |
| 33 | VIII | അൻസാരി, പാലച്ചിറ | പ്രൊവിഷണൽ സ്റ്റോർ |
| 34 | VIII | അപ്പുചെട്ടിയാർ, ചെറുന്നിയൂർ | പച്ചക്കറി |
| 35 | VIII | സതീശൻ | പലചരക്ക് വ്യാപാരം |
| 36 | VIII | സുനിൽകുമാർ | പാൽസംഭരണം |
| 37 | VIII | രാജേന്ദ്രൻ, ചെറുന്നിയൂർ | പലചരക്ക് വ്യാപാരം |
| 38 | VIII | രാജേഷ് കുമാർ, ശ്രീനിവാസപുരം | കമ്പ്യൂട്ടർ കട |
| 39 | IX | രണദേവ്, ചെറുന്നിയൂർ | പ്രസ്സ് |
| 40 | IX | രാജേഷ് , വർക്കല | ഇലക്ട്രിക് |
| 41 | IX | സൗമ്യ & ക്ലിന്റ് , ചെറുന്നിയൂർ | സെയിൽ സർവ്വീസ് |
| 42 | IX | അരുൺ | പച്ചക്കറി കട |

| | | | |
|---|---|---|---|
| 43 | X | സെക്രട്ടറി, ചെറുന്നിയൂർ സർവ്വീസ് സഹകരണ ബാങ്ക് | കീടനാശിനി ,വളം വിൽപ്പന |
| 44 | XI | കൃഷ്ണകുമാർ, ചെറുന്നിയൂർ | ധാന്യ വ്യാപാരം |
| 45 | XI | ബൈജു വഞ്ചിയൂർ | ഫർണിച്ചർ |
| 46 | XI | സുപ്രഭ , വെന്നിക്കോട് | സ്റ്റോർ |
| 47 | XI | വിനോദ്, | മെഡിക്കൽ |
| 48 | XI | ശശികല , താന്നിമൂട് | ബേക്കറി |
| 49 | XI | സുനിൽകുമാർ | മത്സ്യ സ്റ്റോർ |
| 50 | XII | പ്രഭാഷ് , വെന്നിക്കോട് | തയ്യൽക്കട |
| 51 | XII | സത്യപാലൻ, അകത്തുമുറി | റ്റീ സ്റ്റോർ |
| 52 | XII | സിദ്ധാർഥൻ, വെന്നിക്കോട് | പലചരക്ക് വ്യാപാരം |
| 53 | XII | സത്യവതി, വെന്നിക്കോട് | മിനറൽ സ്റ്റോർ |
| 54 | XII | അശോകൻ, അകത്തുമുറി | ബേക്കറി |
| 55 | XIII | ജയകുമാർ, താന്നിമൂട് | കല്യാണസ്റ്റോർ |
| 56 | XIV | ഗീത, | പ്രൊവിഷണൽ സ്റ്റോർ |
| 57 | XIV | നാസർ, വെട്ടൂർ | കല്യാണസ്റ്റോർ |
| 58 | XIV | രാഗിണി വെന്നിക്കോട് | തയ്യൽക്കട |
| 59 | XIV | ലൈല രാമഭദ്ര, വെട്ടൂർ | പലചരക്ക് |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17)നൽകിയ മറുപടിയിൽ മേൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. ട്രേഡേഴ്സ് ലിസ്റ്റ് കാലികമായി സൂക്ഷിക്കുന്നതിനും മേൽ സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കി നൽകുന്നതിനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽനികുതി/ സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ, ചട്ടം 4എന്നിവ അനുസരിച്ച് ഗ്രാമപഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഓരോ അർദ്ധവർഷവും തൊഴിൽനികുതി ഈടാക്കേണ്ടതുണ്ട്. ചുവടെ പറയുന്ന സ്ഥാപനങ്ങൾ തൊഴിൽനികുതിഒടുക്കിയിട്ടില്ല.

എ) വെള്ളിയാഴ്ചക്കാവ് ദേവീക്ഷേത്രം (ദേവസ്വം ബോർഡ്)ജീവനക്കാരിൽ നിന്നും - 2016-17, II-ാംഅർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ബി) ചെറുന്നിയൂർ മിൽക്ക് സൊസൈറ്റിയിൽ നിന്നും 2016-17 I,IIഅർദ്ധവർഷം സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

സി)താഴെ പറയുന്ന ജീവനക്കാരെ വികലാംഗരാണെന്ന കാരണത്താൽ തൊഴിൽ നികുതി ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ സ്ഥാപന ഉടമ നൽകിയ സ്റ്റേറ്റ്മെന്റിൽ ആയത് തെളിയിക്കുന്ന രേഖകളൊന്നും ഉള്ളടക്കം ചെയ്തിട്ടില്ല.

a) പി.ആർ സുധീർ, ഹെഡ് അക്കൌണ്ടന്റ്, വർക്കല ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസ്

b) സുൾഫിക്കർ, അറ്റന്റർ, വെറ്ററിനറി ഹോസ്പിറ്റൽ, ചെറുന്നിയൂർ.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18)നൽകിയ മറുപടിയിൽ മേൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു.

## 2-3 വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കിയില്ല

1996-ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. ഗ്രാമപഞ്ചായത്ത് തൻവർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നുമായി 21069/- രൂപ ഈടാക്കി കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് ഒടുക്ക് വരുത്തിയിരുന്നു. എന്നാൽ മേൽ പറഞ്ഞ നിയമത്തിലെ വകുപ്പ് 3(3) അനുസരിച്ച് പ്രസ്തുത തുകയിൽനിന്ന് 210/- രൂപ കുറച്ച് ബാക്കി വെൽഫയർ ഫണ്ടിലേക്ക് ഒടുക്കിയാൽ മതിയാകും.ഇത്തരത്തിൽ കളക്ഷൻ ചാർജ് ഈടാക്കാത്തത് കാരണം പഞ്ചായത്തിന് നഷ്ടമുണ്ടാകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 2-4 മൊബൈൽ ടവറുകൾക്ക് വസ്തുനികുതി ഈടാക്കിയിട്ടില്ല

ജി.ഒ(എം.എസ്)നം.113/2009/ത.സ്വഭ.വ,തിയതി.02/01/2009 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് അതിന്റെ അധികാര പരിധിയിൽ മൊബൈൽ ടവറുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് വസ്തുനികുതി ഈടാക്കേണ്ടതാണ്. 01-04-2013-ൽ പ്രാബല്യത്തിൽ വന്ന ജി.ഒ (ആർ.ടി) 19/2011/ത.സ്വ.ഭ.വ, തീയതി. 14-01-2011 പ്രകാരം മൊബൈൽ ടവറുകൾക്ക് വസ്തു നികുതി ചതുരശ്ര മീറ്ററിന് 400 രൂപ മുതൽ 500 രൂപ വരെയാണ്. എന്നാൽ പഞ്ചായത്തു പരിധിയിൽപ്രവർത്തിക്കുന്ന താഴെ പറയുന്ന ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | വാർഡ്/ടവർ നമ്പർ | ടവറിന്റെ വിവരം | ഡിമാന്റ്പ്രകാരം ഈടാക്കേണ്ട തുക |
|---|---|---|---|
| 1 | I/22/A | ഭാരതി എയർടെൽ ലിമിറ്റഡ് | 97874 |
| 2 | II/1/UA | നദിയ കോട്ടേജ് | 393120 |
| 3 | II/2/UA | നദിയ കോട്ടേജ് | 21830 |
| 4 | IX/1/UA | സൗന്ധര്യ രാജൻ | 13470 |
| 5 | IX/2/UA | സൗന്ധര്യ രാജൻ | 264915 |
| 6 | XII/155 | സബ് ഡിവിഷൻ എഞ്ചിനീയർ | 51058 |
| 7 | XIII/90/C | ഹരിദീസ് | 109335 |
| 8 | XIV/247 | ഭാരതി ഇൻഫ്രാ ഫെഡ് ലിമിറ്റഡ് | 176252 |

പ്രസ്തുത മൊബൈൽ സേവന ദാതാക്കളിൽ നിന്നും വസ്തു നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 <u>കെട്ടിടങ്ങളുടെ റഗുലറൈസേഷൻ - കുറഞ്ഞ നിരക്കിൽ ഫീ ഈടാക്കുന്നു.</u>

ഗ്രാമപഞ്ചായത്തിലെ റഗുലറൈസ് ചെയ്ത കെട്ടിടങ്ങൾ സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ പെർമിറ്റ് എടുക്കാതെ നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ റഗുലറൈസ് ചെയ്യുമ്പോൾ കോമ്പൗണ്ടിങ് ഫീസിനൊപ്പം പെർമിറ്റ് ഫീസും ഈടാക്കേണ്ടതാണെന്ന് സർക്കാരിൽ നിന്നുള്ള 11.11.2015 229813/ആർ.ഡി.2/15/തസ്വഭവ കത്ത് പ്രകാരം വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ

2016-17 കാലയളവിൽ ഇപ്രകാരം പെർമിറ്റ് എടുക്കാതെ നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളുടെ ഉടമകളിൽ നിന്നും കോമ്പൗണ്ടിങ് ഫീ മാത്രമേ ഈടാക്കിയതായി കാണുന്നുള്ളൂ. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന്മേൽ (നം.26/16.09.2017) പെർമിറ്റ് ഇല്ലാത്തതും നിർമ്മാണത്തിലിരിക്കുന്നതുമായ കെട്ടിടങ്ങൾ കണ്ടെത്തിയാൽ മാത്രം നിർമ്മിച്ച ഭാഗങ്ങൾ ക്രമവത്ക്കരിക്കുകയും തുടർന്നുള്ള നിർമ്മാണത്തിന് പെർമിറ്റ് നല്കുവാനുമാണ് കെട്ടിടനിർമ്മാണചട്ടം 2011 വ്യവസ്ഥ ചെയ്തിട്ടുള്ളതെന്നും കെട്ടിടനിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളയിൽ കോമ്പൗണ്ടിങ് ഫീ മാത്രം ഈടാക്കിയാൽ മതിയെന്നും പെർമിറ്റ് ഫീ ഈടാക്കേണ്ടതില്ലെന്നും സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്. എന്നാൽ ടി മറുപടി മേൽപ്പറഞ്ഞ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. 2016-17 കാലയളവിലെ ലഭ്യമാക്കിയ രേഖകൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ 55 കെട്ടിടങ്ങൾ ക്രമവത്ക്കരിച്ചിട്ടുണ്ട്. ടി കെട്ടിടങ്ങളിൽ 5 എണ്ണം പെർമിറ്റിൽ നിന്നും അധികരിച്ച് നിർമ്മിച്ചിട്ടുള്ളതാണ്. എന്നാൽ ബാക്കിയുള്ള 50 കെട്ടിടങ്ങളും ക്രമവത്ക്കരിച്ചപ്പോൾ പെർമിറ്റ് ഫീ ഈടാക്കാതെ കോമ്പൗണ്ടിങ് ഫീ മാത്രം ഈടാക്കിയിട്ടുള്ളൂ. ആയതിനാൽ മേൽപ്പറഞ്ഞ സർക്കാർ നിർദ്ദേശം കൃത്യമായി പാലിക്കുന്നതിനും കുറവായി ഈടാക്കിയ തുക ഈടാക്കുന്നതിനും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പ്രോജക്ട് നിർവ്വഹണത്തിൽ വീഴ്ച - ഗ്രാമപഞ്ചായത്തിന് നഷ്ടമായത് 1.36 കോടി

ഗ്രാമപഞ്ചായത്തിന് ലഭ്യമായ ഫണ്ടിന് ആനുപാതികമായി പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിലും നടപ്പിലാക്കുന്നതിലുമുണ്ടായ വീഴ്ച മൂലം -13611204/- രൂപ നഷ്ടമായി. ആകെ അനുവദിച്ച അലോട്ട്മെന്റിൽ നിന്നും പ്രോജക്ടുകൾക്കായി ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ടായിരുന്ന തുകയാണ് ഇപ്രകാരം നഷ്ടമായത്. വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | തൻ വർഷം ലഭിച്ച അലോട്ട്മെന്റ് | ചെലവഴിച്ച തുക | നഷ്ടമായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 8049384 | 6468878 | 1580506 |
| വികസനഫണ്ട് എസ്.സി.പി. | 8684538 | 5261664 | 3422874 |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 4760430 | 1139952 | 3620478 |
| സംരക്ഷണ ഗ്രാന്റ് | 2555856 | 2042305 | 513551 |

| | | | |
|---|---|---|---|
| (നോൺ റോഡ്) | | | |
| 13th CFCഗ്രാന്റ് | 4513754 | 1782632 | 2731122 |
| പെർഫോർമൻസ് ഗ്രാന്റ് | 1742673 | - | 1742673 |
| ആകെ | 30306635 | 16695431 | 13611204 |

ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും വിവിധ സേവനങ്ങൾ നൽകുന്നതിനും ലഭ്യമായ തുകയാണ് ഇപ്രകാരം നഷ്ടപ്പെട്ടത് എന്നത് തുടർനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതെ തുക ചെലവഴിച്ചു.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ്, ഉപവകുപ്പ് 1(എ)(6) പ്രകാരം അനിവാര്യ അടിയന്തിര സാഹചര്യത്തിലൊഴികെ പ്രാബല്യത്തിലുള്ളതായ ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും ചെലവഴിക്കാൻ പാടില്ല. 2016-17 സാമ്പത്തിക വർഷം വിവിധ ആവശ്യങ്ങൾക്കായി ബജറ്റിൽ അധികരിച്ച് തുക ചെലവഴിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ഹെഡ് ഓഫ് അക്കൗണ്ട് | ബജറ്റ് പ്രൊവിഷൻ | എ.എഫ്.എസ് പ്രകാരമുള്ള ചെലവ് |
|---|---|---|---|---|
| 1. | പുസ്തകങ്ങൾ/ആനുകാലികങ്ങൾ | 220200 | 3000 | 12230 |
| 2. | ഇലക്ഷൻ ചെലവുകൾ | 220700 | 20000 | 25047 |
| 3. | മൃഗസംരക്ഷണം-കന്നുകുട്ടി പരിപാലനം | 250103 | 150000 | 450000 |
| 4. | മൃഗസംരക്ഷണം-മുട്ടക്കോഴി/താറാവ് വളർത്തൽ | 2501035 | 150000 | 458525 |
| 5. | അങ്കണവാടി-അനുബന്ധ സൗകര്യങ്ങൾ | 2514202 | 100000 | 584461 |
| 6. | കലുങ്കുകളും ചപ്പാത്തുകളും | 2522004 | - | 126424 |

ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിയ്ക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-3 അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് സാമ്പിളുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ കാലാകാലങ്ങളിൽ പരിശോധനാ വിധേയമാക്കി ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല. അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ പരിശോധനയ്ക്കായി 15.04.17,11.05.17 എന്ന തീയതികളിൽ Food & Nutrition Regional center Laboratory -ൽ അയച്ചിട്ടുണ്ടെങ്കിലും നാളിതുവരെയും പരിശോധന റിപ്പോർട്ട് ലഭ്യമായക്കിയിട്ടില്ല. (അവലംബം ഓഡിറ്റ് എൻക്വയറി നം.22 ) മറുപടി. കുട്ടികളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ന്യൂട്രിമിക്സ് സാമ്പിളുകളുടെ പരിശോധനാ റിപ്പേർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും നൽകുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കേണ്ടതുമാണ്.ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 3-4 അംഗനവാടികൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിൽ 18 അംഗനവാടികളുണ്ട്. അതിൽ 15എണ്ണം സ്വന്തം കെട്ടിടത്തിലും 1എണ്ണം വാടക കെട്ടിത്തിലും 2എണ്ണം സൗജന്യമായി ലഭിച്ചിട്ടുള്ള കെട്ടിടങ്ങളിലുമാണ് പ്രവർത്തിക്കുന്നത്. സ.ഉ.നം.31055/D.C.2/11/ത.സ്വ.ഭ.വ22.03.11 ഖ സി.(1) പ്രകാരം എല്ലാ വർഷവും മെയ് പത്തിനകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനിയർ-ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റനസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. ഖ.സി (II) പ്രകാരം യാതൊരു കാരണവശാലും സുരക്ഷിതമല്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കാൻ പാടില്ല.

എന്നാൽ അങ്കണവാടികൾക്കൊന്നും തൻവർഷം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. എഞ്ചിനിയർ-ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗനവാടികളും സന്ദർശിക്കേണ്ടതും അങ്കണവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ഫലപ്രദമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 3-5 വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തുകതടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുമായി ബന്ധപ്പെട്ട ചെലവുകൾ വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം./ പേര് | അടങ്കൽ തുക/ ചെലവ് തുക | ബിൽ നം./ തീയതി | ഇനം | അപാകം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | SOO43/17<br>കുടി വെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 150000/-<br>150000/-<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 34/31.03.17 | പൈപ്പ് ലൈയ്ൻ ദീർഘിപ്പിക്കുന്നതിനായി തുക വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചു. | എസ്റ്റിമേറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല |
| 2. | SO142/17<br>സമ്പൂർണ്ണ വൈദ്യുതീകരണം കെ.എസ്.ഇ.ബി.യ്ക്ക് തുക അടവാക്കൽ | 455340/-<br>455340/-<br>(വി.ഫ.ജനറൽ) | 3/25.03.17 | സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുന്നതിന് തുക കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ചു. | വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല |
| | ആകെ | 605340/- | | | |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി 6,05,340/- രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 തെരുവ് വിളക്ക് ഉപരകണങ്ങൾ മുഴുവനും വിതരണം ചെയ്യതിട്ടില്ല

പ്രോജക്ട് നമ്പർ - SOO54/17

പേര് - തെരുവ് വിളക്ക് അറ്റകുറ്റപ്പണിക്ക് സാധനം വാങ്ങൽ

അടങ്കൽ തുക - 200000/-

ചെലവ് തുക - 178841/-

ഫണ്ടിനം - തനത് ഫണ്ട്

ചെക്ക് നം:/തീയതി - 1878101//30.03.17

ഗ്രാമപഞ്ചായത്തിലെ 1800-ൽ പരം തെരുവ് വിളക്കുകൾ മെയിന്റെനൻസ് ചെയ്യുന്നതിനായി സാധനങ്ങൾ വാങ്ങുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചത്. പ്രോജക്ട് പ്രകാരം 178841/-രൂപ ചെലവഴിച്ച് കേരള സ്റ്റേറ്റ് ഇൻടസ്ട്രിയൽ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും തെരുവ് വിളക്കുപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.തെരുവ് വിളക്കുപകരണങ്ങൾ മുഴുവനും വിതരണം ചെയ്യതിട്ടില്ല.സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ബാക്കിയുള്ള തെരുവ് വിളക്കുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | വാങ്ങിയത് | വിതരണം ചെയ്യത് | ബാക്കിയുള്ളത് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | സി.എഫ്.എൽ | 725 | 662 | 63 |
| 2 | ഷെയ്ഡ് | 300 | 239 | 61 |
| 3 | സി.എ.എഫ്.എൽ ഫോൾഡർ | 405 | 364 | 41 |
| 4 | ഇലക്ട്രോണിക്ക് ചോക്ക് | 253 | 241 | 12 |
| 5 | ഇൻസുലേഷൻ ടേപ്പ് | 30 | 24 | 26 |

ഭാവിയിൽ ആവശ്യകതാ നിർണ്ണയം നടത്തിയതിന് ശേഷം തെരുവ് വിളക്കുപകരണങ്ങൾ വാങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 ഹോമിയോആശുപത്രിക്ക് മരുന്നു വാങ്ങൽ.52000/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

പ്രോജക്ട് നം.75/16-17

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ പദ്ധതിക്കായി 24.10.2016 ൽ ഡി.ഡി.നം.586187 പ്രകാരം 150000/- രൂപ കേരളാ സ്റ്റേറ്റ് ഹോമിയോ കോർപ്പറേഷന് നൽകുകയുണ്ടായി.എന്നാൽ ഓഡിറ്റ് വർഷം മരുന്ന് സപ്ലൈ ചെയ്തു കാണുന്നില്ല. മേൽ പറഞ്ഞ സ്ഥാപനത്തിന്റെ ഇൻ വോയ്സ് നം.എൽ.എഫ്.5.തീ .22.04.2017 പ്രകാരം 98000/- രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ.(ലഭ്യമായ മരുന്ന് മുഴുവൻ സ്റ്റോക്കിലെടുത്തിട്ടുണ്ട്). 52000/- രൂപയുടെ മരുന്ന് നാളിതുവരെയും ലഭിക്കാത്തതിനും, മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ചും നൽകിയ ഓഡിറ്റ് എൻക്വയറി (നം.20/15.09.2017) /യ്ക്കുള്ള മറുപടിയിൽ ജീവനക്കാരുടെ അപര്യാപ്തത, ജോലി ഭാരം എന്നിവ മൂലമാണ് മരുന്ന് വിതരണത്തിൽ കാലതാമസം ഉണ്ടായതെന്ന് വിതരണ ഏജൻസിയായ ഹോംകോയുടെ മാനേജിംഗ് ഡയറക്ടർ വിശദീകരണം നൽകിയതായി പറയുന്നു. മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കി രോഗികൾക്ക് വിതരണം ചെയ്യേണ്ടതാണ്.

## 3-8 PHCമരുന്നു വാങ്ങൽ.21763/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രോജക്ട് നം.34/16-17

മെഡിക്കൽ ഓഫീസർ PHC നിർവഹണം നടത്തിയ PHC യ്ക്ക് മരുന്നുവാങ്ങൽ പദ്ധതിക്കായി 23.02.2017 ൽ proforma online invoice no.2161പ്രകാരം 44540/- രൂപയും, 18.03.2017ൽ proforma online invoice no.2745പ്രകാരം 100000/- രൂപയും കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്

നൽകുകയുണ്ടായി. എന്നാൽ ഓഡിറ്റ് വർഷം മരുന്ന് സപ്ലൈ ചെയ്ത് കാണുന്നില്ല. മേൽ പറഞ്ഞ സ്ഥാപനത്തിൽ നിന്നും ആകെ 91041/- രൂപയുള്ള മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ.(ലഭ്യമായ മരുന്ന് മുഴുവൻ സ്റ്റോക്കിലെടുത്തിട്ടുണ്ട്). 53499/- രൂപയുള്ള മരുന്ന് നാളിതുവരെയും ലഭിക്കാത്തതിനും, മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ചും നൽകിയ ഓഡിറ്റ് എൻക്വയറി (നം.21/15.09.2017) /യുള്ള മറുപടിയിൽ വിതരണ ഏജൻസിയായ കേരള മെഡിക്കൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡുമായി നിരന്തരം കത്തിടപാടുകൾ നടത്തി വരുന്നതായി അറിയിച്ചിട്ടുണ്ട്. മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കി രോഗികൾക്ക് വിതരണം ചെയ്യേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-9 ആയുർവേദ ആശുപത്രിക്ക് മരുന്ന വാങ്ങൽ.126386രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ ആയുർവേദ ആശുപത്രിക്ക് മരുന്ന വാങ്ങൽ പദ്ധതി-1,26,386/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ഔഷധിക്ക് നൽകിയ തുക | ബിൽ നം. | ലഭിച്ച മരുന്നിന്റെ മൂല്യം | ലഭിക്കാനുള്ള മരുന്നിന്റെ മൂല്യം |
|---|---|---|---|---|---|---|
| 1 | 125/16-17 | ആയൂർവേദ ആശുപത്രിക്ക് മരുന്ന വാങ്ങൽ | 350000/- (മെയിന്റനൻസ് ഗ്രാന്റ്) | 1/16-17 തീ.30.09.2016 | 348535/- | 1465/- |
| 2 | 126/16-17 | എസ്.സി. ആരോഗ്യ സുരക്ഷ പരിപാടി | 200000/- (എസ്.സി.പി) | 4/16-17 തീ.13.02.17 | 75079/- | 124921/- |
| ആകെ | | | 550000 | | 423614 | 126386 |

മരുന്ന് നാളിതുവരെയും ലഭിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.27/16.09.2017) /യുള്ള മറുപടിയിൽ ടെലിഫോൺ മുഖാന്തിരം മരുന്ന് വിതരണം ചെയ്യുന്ന ഏജൻസിയായ ഔഷധിയുമായി ബന്ധപ്പെടുന്നുവെന്ന് പറയുന്നതല്ലാതെ രേഖാമൂലമുള്ള കത്തിടപാടുകൾ നടത്തിയതായി പറയുന്നില്ല.മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കി രോഗികൾക്ക് വിതരണം ചെയ്യേണ്ടതാണ്.

## 3-10 കോഴി വളർത്തൽ ചെലവ് രേഖകൾ ഹാജരാക്കിയില്ല തുക 458525/- രൂപ തടസ്സം ചെയ്യുന്നു

പ്രോജക്ട് നം. - S0082/17

പ്രോജക്ടിന്റെ പേര് - കോഴി വളർത്തൽ(ജനറൽ)

അടങ്കൽ - 472000/-

ചെലവ് - 458525/-

(299925+54075)

ബിൽ നം - 3/16-17 തീ.27.02.2017

4/16-17 തീ.30.03.2017

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പ്രോജക്ടിന്റെ ഭാഗമായി രസീത് ബുക്ക്. 6221, 6226 പ്രകാരം ഗുണഭോക്തൃ വിഹിതം പിരിച്ചത് വൺ സൈഡഡ് കാർബൺ ഉപയോഗിച്ചാണ്. കൂടാതെ 4,58,525/- രൂപയ്ക്ക് കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയതിന്റെ ബിൽ, കൈപ്പറ്റ് രസീത് എന്നിവ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുകയായ 4,58,525/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-11 മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ.സ്റ്റോക്ക് രജിസ്റ്റർ പൂർണ്ണമല്ല

പ്രോജക്ട് നം. - S0085/17

പ്രോജക്ടിന്റെ പേര് - മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 1,00,000/-

ചെലവ് - 1,00,000/-

ബിൽ നം - 2/16-17 തീ.27.02.2017

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായ മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ പ്രോജക്ടുമായി ബന്ധപ്പെട്ട് മരുന്നുകൾ വാങ്ങാൻ ജില്ലാ മൃഗ സംരക്ഷണ ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും നോൺ അവൈലബിലിറ്റി വാങ്ങിയില്ല. കൂടാതെ മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിരിക്കുന്നത് പൂർണ്ണമല്ല. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29)നൽകിയ മറുപടിയിൽ മേൽ അപാകങ്ങൾ ഭാവിയിൽ പരിഹരിക്കുന്നതാണെന്ന് വെറ്ററിനറി സർജൻ അറിയിച്ചു. സ്റ്റോക്ക് രജിസ്റ്റർ അടിയന്തിരമായി പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-12 എ.ബി.സി പ്രോഗ്രാംരേഖകൾ ഹാജരാക്കിയിട്ടില്ല. 30000/- രൂപ തടസ്സം ചെയ്യുന്നു

പ്രോജക്ട് നം . - S0086/17

പ്രോജക്ടിന്റെ പേര് - എ.ബി.സി പ്രോഗ്രാം

അടങ്കൽ - 30000/-

ചെലവ് - 30000/-

ചെക്ക് നം - 1862187 തീ.06.03.2017

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പ്രോജക്ടിന്റെ ചെലവ് രേഖകൾ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുകയായ 30000/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-13 പൊതുജന സേവനകേന്ദ്രം ആസൂത്രണത്തിലും നിർവ്വഹണത്തിലും അപാകങ്ങൾ

പ്രോജക്ട് നം. : SO 130/17 [പൊതുജന സഹായകേന്ദ്രം (കുടുംബശ്രീ)]

നിർവ്വഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനത്തിന്റെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിലേക്ക് കുടുംബശ്രീയുമായി സഹകരിച്ച് പൊതുജന സഹായകേന്ദ്രം ആരംഭിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. ടി പദ്ധതിയുടെ നടത്തിപ്പിലേക്കായി 16.07.2015 ലെ ജനറൽ കമ്മിറ്റിയുടെ V(15) നമ്പർ തീരുമാന പ്രകാരം കുടുബശ്രീയിലെ 5 അംഗങ്ങളെ പരിശീലനം നൽകുന്നതിനായി തെരഞ്ഞെടുക്കുകയും ലിസ്റ്റ് കുടുംബശ്രീ മിഷന് കൈമാറുകയും ചെയ്തുവെങ്കിലും നാളിതുവരെയും ആർക്കും പരിശീലനം ലഭിച്ചിട്ടില്ല. കൂടാതെ പദ്ധതി നടത്തിപ്പിലേക്കായി കുടുംബശ്രീയുമായി കരാറിലേപ്പെടുകയോ പൊതുജന സഹായകേന്ദ്രം പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സ്ഥലസൗകര്യവും നാളിതുവരെ ഒരുക്കിയിട്ടില്ല.

എന്നാൽ മേൽ പദ്ധതിക്കായി വികസനഫണ്ട് (ജനറൽ) -ൽ നിന്നും 2,00,000/-രൂപ വകയിരുത്തുകയും 128100/- രൂപ ചെലവഴിച്ച് രണ്ട് കമ്പ്യൂട്ടറുകൾ, പ്രിന്റർ, സ്കാനർ, മൾട്ടി പർപ്പസ് ഫോട്ടോകോപ്പിയർ എന്നിവ വാങ്ങിയിട്ടുള്ളതാണ്. (ബിൽ നം. 42/16-17 dt.31.03.2017 Rs. 86700/- & ബിൽ നം. 43/16-17 dt.31.03.2017 Rs. 41400/-)

അടിസ്ഥാനസൗകര്യങ്ങളൊരുക്കാതെ വാങ്ങിയിട്ടുള്ള ടി ഉപകരണങ്ങൾ ഓഡിറ്റ് കാലയളവിൽ പോലും ഇൻസ്റ്റാൾ ചെയ്യുകയോ പ്രവർത്തിപ്പിക്കുയോ ചെയ്യതിട്ടില്ലാത്തതും വാറണ്ടി കാലാവധി കഴിഞ്ഞിട്ടുള്ളതുമാണ്. വാറണ്ടി കാലാവധി കഴിഞ്ഞതിനാൽത്തന്നെ വിതരണക്കാരന് മേൽ ഉപകരണങ്ങൾ ഇൻസ്റ്റാൾ ചെയ്യുന്നതിനുള്ള ബാധ്യതയും ഇല്ല. പദ്ധതി നടത്തിപ്പിലെ ആസൂത്രണത്തിലും നടത്തിപ്പിലും വീഴ്ച സംഭവിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3-14 ലൈബ്രറി സെസ് കുടിശ്ശിക ഒടുക്കാൻ ബാക്കി നിൽക്കുന്നു.

പഞ്ചായത്ത് 2017 മാർച്ച് 31 വരെ ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുത്ത 69858/- രൂപ കേരള സംസ്ഥാന ലൈബ്രറി കൗൺസിലിന് ഒടുക്കാൻ അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | കെട്ടിട നികുതി ഇനത്തിൽ പിരിച്ചെടുത്ത തുക | ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുത്ത തുക | ലൈബ്രറി കൗൺസിലിന് അടയ്ക്കേണ്ട തുക |
|---|---|---|---|
| 2016-17 II അർദ്ധവർഷം | 1953111 (2016-17) | 69858 | 69858 |

സർക്കുലർ നം.10088/L3/05/lsgd തീയതി 20-09-2005 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടയ്ക്കണം. ആദ്യ ഗഡു ഏപ്രിൽ 30 ന് അകവും രണ്ടാമത്തെ ഗഡു

നവംബർ 30 ന് അകവും അടയ്ക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽ നിന്നും ഈടാക്കുന്നതുമാണ്. ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുത്ത 69858/- രൂപ കേരള സംസ്ഥാന ലൈബ്രറി കൗൺസിലിന് ഒടുക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-15 വാഹനത്തിന്റെ ഇൻഷ്വറൻസ് പുതുക്കൽ- സർക്കാർ നിർദ്ദേശം പാലിച്ചില്ല

സർക്കാർ ഉത്തരവ് നമ്പർ 819/2000/Fin തീയതി 18-04-2000 പ്രകാരം സർക്കാർ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കേണ്ടത് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് വഴിയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള രജിസ്ട്രേഷൻ നമ്പർ.KL-16 J 9009 വാഹനത്തിന്റെ ഇൻഷ്വറൻസ് പുതക്കിയതിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. വരും വർഷങ്ങളിൽ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് വഴിമാത്രം ഇൻഷ്വറൻസ് പുതുക്കേണ്ടതാണ്.

## 3-16 തൊഴിലുറപ്പ് പദ്ധതി അവലോകനം

2016-17 വർഷം അംഗീകാരം ലഭിച്ച 121പദ്ധതിയിൽ 105എണ്ണം പൂർത്തിയാക്കി. . ഓഡിറ്റ് വർഷം 65 തൊഴിൽ കാർഡുകൾ വിതരണം ചെയ്തു. രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെയും സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളുടെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾ -963

സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ -42930

100 തൊഴിൽ ദിനം ലഭ്യമായ കുടുംബങ്ങളുടെ എണ്ണം-66

ജലസംരക്ഷണ പ്രവൃത്തികൾ (മഴക്കുഴി നിർമ്മാണം) 8, തോട് പുനരുദ്ധാരണം 16, റീചാർജ്ജ് പിറ്റ് 10, ഭൂവികസനം 48,തരിശ്ശ് നിലം കൃഷിയോഗ്യമാക്കൽ 4, എസ്.സി,ഐ.എ.വൈ, സ്ത്രീകുടുംബനാഥയായുള്ള കുടുംബം എന്നിവരുടെ ഭൂമിയിൽ ഭൂവികസനം 19,എന്നീ പ്രോജക്ടുകളാണ് നടപ്പിലാക്കിയത്. എൻ.ആർ.ഇ.ജി.എസ് ഫണ്ട് വിനിയോഗം ചുവടെ ചേർക്കുന്നു.

| വരവ് | തുക | ചെലവ് | തുക |
|---|---|---|---|
| മുന്നിരിപ്പ് | 1603 | ഇ.എഫ്.എം.എസ് | 14934970 |
| ഇ.എഫ്.എം.എസ് | 14934970 | ഭരണചെലവുകൾ | 860246 |
| ഭരണചെലവുകൾ | 963336 | | |
| ആകെ | 15899909 | ആകെ | 15795216 |

| | | | |
|---|---|---|---|
| നീക്കിയിരിപ്പ് | | | 104693 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | ചെലവഴിച്ച തുക | പ്രോജക്ടിന്റെ പേര് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വർക്കല | 2015-16 | 901226 | 901226 | ഭവനനിർമാണം (ജനറൽ) (19/16), ബഡ്സ് സ്കൂൾ(11/16) |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇഎംഎസ് ഭവനപദ്ധതി | സ.ഉ (സാധാ)നം. 275/2010 /തസ്വഭവ തീയതി 27-10-10 | 13363500 | 4432400 | 1330937 | ---- | 3101463 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപേരും | രശീത് നംപർ തീയതി |
|---|---|---|---|---|
| | | 20* | | |

* വാർഷികധനകാര്യപത്രിക പ്രകാരം ഓഡിറ്റ് റിക്കവറിയിനത്തിൽ 20/- രൂപയുടെ വരവുണ്ട്.ആയതിന്റെ വിശദാംശം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെഅവസ്ഥ |
|---|---|---|---|---|---|
| 2013-14 | - | - | 6.4 | തെരുവുവിളക്കുകളുടെ സംരക്ഷണവും അറ്റകുറ്റപണിയും | തെരുവുവിളക്കുകൾ അടിയന്തിരമായി സ്ഥാപിക്കുന്നതാണെന്ന് കെ എസ് ഇ ബി ഉറപ്പ് നൽകിയിട്ടുണ്ട്. ആയതിനുള്ള കരാർ ഉടമ്പടിയും തയ്യാറാക്കിയിട്ടുണ്ട് |
| 2013-14 | - | - | 6.4.1 | തെരുവുവിളക്കുകളുടെ സംരക്ഷണവും അറ്റകുറ്റപണിയും | തെരുവുവിളക്കുകൾ അടിയന്തിരമായി സ്ഥാപിക്കുന്നതാണെന്ന് കെ എസ് ഇ ബി ഉറപ്പ് നൽകിയിട്ടുണ്ട്. ആയതിനുള്ള കരാർ ഉടമ്പടിയും തയ്യാറാക്കിയിട്ടുണ്ട് |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 37923633/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 31994732/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 488525 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

*(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-10 | 458525/- | ഡോ. വി രമ, വെറ്ററിനറി സർജൻ |
| 3-12 | 30000 | ഡോ. വി രമ ,വെറ്ററനറി സർജൻ |
| ആകെ | 488525 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന | സ്ഥിരം |
|---|---|---|

| | | |
|---|---|---|
| ഉദ്യോഗപ്പേരും | സമയത്തെ) ഔദ്യോഗിക മേൽവിലാസം | മേൽവിലാസം |
| ഇല്ല | | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-2001 | നമ്പർ എൽ.എഫ്.റ്റി.ഡി.ജി.പി.9/867/2002 തീയതി 1-7-14 | 2 |
| 2001-2002 | നമ്പർ എൽ.എഫ്.റ്റി.ഡി.ജി.പി.9/1152/2003 തീയതി 1-7-14 | 2 |
| 2002-2003 | നമ്പർ എൽ.എഫ്.റ്റി.ഡി.ജി.പി.9/724/2007 തീയതി 1- 7-14 | 1 |
| 2003-2004 | നമ്പർ എൽ.എഫ്.റ്റി.ഡി.ജി.പി.9/343/2009 തീയതി 1-7-14 | 2 |
| 2004-20005 | നമ്പർ എൽ.എഫ്.റ്റി.ഡി.ജി.പി.9/1955/ 2007 തീയതി 1-7-14 | 2 |
| 2005-2006 | നമ്പർ എൽ.എഫ്.റ്റി.ഡി.ജി.പി.9/1532/ 2008 തീയതി 1-7-14 | 2 |
| 2006-20007 | നമ്പർ എൽ.എഫ്.റ്റി.ഡി.ജി.പി.9/1533/ 2008 തീയതി 1-7-14 | 5 |
| 2007-2008 | നമ്പർ എൽ.എഫ്.റ്റി.ഡി.ജി.പി.9/1067/ 2009 തീയതി 1-7-14 | 6 |
| 2008-2009 | നമ്പർ എൽ.എഫ്.റ്റി.ഡി.ജി.പി.9/2090/ 2011 തീയതി 1-7-14 | 7 |

| | | |
|---|---|---|
| 2009-2010 | നമ്പർ എൽ.എഫ്.റ്റി.ഡി.ജി.പി. 7/1402/2012 തീയതി 20-11-13 | 12 |
| 2010-2011 | നമ്പർ എൽ.എഫ്.റ്റി.ഡി.ജി.പി.7/2599/ 2013 തീയതി 24-4-14 | 14 |
| 2011-2012 | നമ്പർ എൽ.എഫ്.റ്റി.ഡി.ജി.പി.7/2307/2013 തീയതി 21-4-14 | 15 |
| 2012-2013 | നമ്പർ കെ.എസ്.എ.റ്റി.വി.എം/ജി.പി.7 /2435/2015 തീയതി 4-11-15 | 12 |
| 2013-2014 | നമ്പർ കെ.എസ്.എ.റ്റി.വി.എം/ജി.പി.7 /457/2016 തീയതി 4-4-16 | 14 |
| 2014-2015 | നമ്പർ കെ.എസ്.എ.റ്റി.വി.എം /ജി.പി. 7/1289/2016 തീയതി 30-7-16 | 9 |
| 2015-2016 | നമ്പർ കെ.എസ്.എ.റ്റി.വി.എം / ജി.പി.7/2123/2016 തീയതി 14-12-16 | 19 |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ്

കാര്യാലയം, തിരുവനന്തപുരം

അനുബന്ധം-1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4), 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നുവെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ന്യൂനതകളുടെ സംഗ്രഹം

1. General ledger trial balance പ്രകാരമുള്ള 2015-16 സാമ്പത്തിക വർഷത്തെ നീക്കിയിരുപ്പ് 221059856.77/- രൂപയാണ്. 2016-17 ലെ -ഈ ഇനത്തിലെ മുന്നിരിപ്പ് 24077376.77/- രൂപയാണ്.

2. RP-29 Schedule പ്രകാരം distress relief ഫണ്ടിൽ തൻവർഷം 1024/- രൂപയുടെ വരവുണ്ട്.എന്നാൽ പാസ്ബുക്കിൽ 524/-രൂപയുടെ വരവ് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
3. ബാലൻസ് ഷീറ്റ് Schedule B-2 പ്രകാരം distress relief ഫണ്ടിൽ 14119/-രൂപയുടെ നീക്കിയിരുപ്പുണ്ട് എന്നാൽ RP-40(b) Schedule പ്രകാരമുള്ള നീക്കിയിരുപ്പ് 13619/- രൂപയാണ്.
4. സേവന സ്റ്റേറ്റ്മെന്റ് പ്രകാരം വികലാംഗ പെൻഷനിനത്തിൽ D.B.T. വഴി 2434980/-രൂപ വിതരണം ചെയ്തിട്ടുണ്ട്.പ്രസ്തുത തുക I-14(C),I-6 Schedule -ൽ ഉൾപ്പെടുത്തിയിട്ടില്ല.
5. 2015-16 വാർഷികധനകാര്യ പത്രിക B-15 Schedule പ്രകാരം property tax on non residential building (431100104) എന്ന ഹെഡിൽ കുടിശ്ശിക ഈടാക്കാനില്ലായിരുന്നു. എന്നാൽ 2016-17 വാർഷികധനകാര്യ പത്രിക R.P-43Schedule പ്രകാരം ഈ ഇനത്തിൽ കുടിശ്ശികയായി 381106/- രൂപ ഈടാക്കിയിട്ടുണ്ട്.
6. 2015-16 വാർഷികധനകാര്യ പത്രിക B-15 Schedule പ്രകാരം തൊഴിൽ നികുതിയിനത്തിലെ കുടിശ്ശികയായി പിരിച്ചെടുക്കാനുണ്ടായിരുന്ന തുക 21440/- രൂപയാണ് . എന്നാൽ 2016-17 വാർഷികധനകാര്യ പത്രിക R.P-43Schedule പ്രകാരം ഈ ഇനത്തിൽ കുടിശ്ശികയായി 22030/- രൂപ ഈടാക്കിയിട്ടുണ്ട്.
7. സ്ഥാപനത്തിലെ രജിസ്റ്റർ പ്രകാരമുള്ള S.B.T തനത് ഫണ്ട് വരവ് 6275600/- രൂപയാണ്. വാർഷികധനകാര്യ പത്രിക പ്രകാരമുള്ള വരവ് 6892970/- രൂപയാണ്.
8. പെർമ്മിറ്റ് രജിസ്റ്ററിൽ ഡി.സി.ബി.സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.
9. ആസ്തി,സ്റ്റോക്ക് രജിസ്റ്ററുകൾ മൂല്യാധിഷ്ഠിതമായി പരിപാലിച്ചിട്ടില്ല.
10. V.P.F.A-II(a),II(b),III,IV,V അക്കൗണ്ടുകളുടെ ട്രഷറി സ്റ്റേറ്റ്മെന്റ്/ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ്

കാര്യാലയം, തിരുവനന്തപുരം